**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2290** **21-01-2021 - ൽ മറുപടിയ്ക്ക്**

**ചെലവ് ചുരുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ടി. ബൽറാം | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ ചെലവുകൾ വെട്ടിക്കുറക്കുന്നതിനായി ഈ സർക്കാർ എത്ര ഉത്തരവുകളാണ് ഇറക്കിയത്; പ്രസ്തുത ഉത്തരവുകളിലൂടെ ഏതൊക്കെ ചെലവുകളാണ് കുറക്കുവാൻ സാധിച്ചത്; വ്യക്തമാക്കുമോ; | (എ) | സമീപകാലങ്ങളിൽ കണ്ടിട്ടില്ലാത്തവിധത്തിലുള്ള പ്രകൃതി ദുരന്തങ്ങളുടെയും മറ്റ് പ്രതികൂല സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായി കോവിഡിന്റെ പശ്ചാത്തലത്തിൽ ആവർത്തന സ്വഭാവമുള്ള ചെലവുകളിൽ നിയന്ത്രണം ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ 05.11.2020-ലെ സ.ഉ.(അ)നം.152/2020/ധന. പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ചെലവ് ചുരുക്കൽ നടപടി വകുപ്പുകൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നത് എപ്രകാരമാണെന്ന് അറിയിക്കാമോ? | (ബി) | ചെലവ് ചുരുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പ്രസ്തുത വകുപ്പ് / സ്ഥാപന മേധാവികൾ നിരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ